നൽകുന്ന പദ്ധതിക്ക് ജി.ഒ.(ആർറ്റി.) നമ്പർ 5177/2010/ധന. തീയതി 29-6-2010 പ്രകാരം ഉത്തരവായിട്ടുണ്ട്. ഈ പദ്ധതി പ്രകാരം സ്വരൂപിക്കുന്ന നിക്ഷേപങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങൾ ട്രഷറി വകുപ്പിൽ നിന്ന് ലഭിക്കുന്ന മുറയ്ക്കും അതു സംബന്ധിച്ച് നിയമസഭാ സാമാജികർ നൽകുന്ന ശുപാർശയുടെ അടിസ്ഥാനത്തിലും ബന്ധപ്പെട്ട പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതാണ്.

(ബി) ഇല്ല.

(സി) ബാധകമല്ല.

കൊപ്പാത്ത് സബ് ട്രഷറി ആരംഭിക്കുന്നതിനുള്ള നടപടി

186 (252) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടാമ്പി നിയോജകമണ്ഡലത്തിലെ കൊപ്പാത്ത് ഒരു സബ് ട്രഷറി ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ട്രഷറി പ്രാവർത്തികമാക്കുന്നതിനുള്ള പ്രതിബന്ധങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ബാധകമല്ല.

തൃശ്ശൂർ മെഡിക്കൽ കോളേജ് കാമ്പസിൽ ട്രഷറി

187 (253) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ മെഡിക്കൽ കോളേജ് കാമ്പസിൽ ട്രഷറി ആരംഭിക്കുന്നതിന് സാധിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ട്രഷറി എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തൃശ്ശൂർ മെഡിക്കൽകോളേജ് സബ് ട്രഷറിക്ക് കെട്ടിടം ലഭ്യമാക്കുന്ന മുറയ്ക്ക് ട്രഷറി പ്രവർത്തനം ആരംഭിക്കുന്നതാണ്.

(സി) ട്രഷറി പ്രവർത്തിക്കുന്നതിന് അനുയോജ്യമായ കെട്ടിടം ലഭ്യമായാൽ ഒരു മാസത്തിനുള്ളിൽ പ്രവർത്തനം ആരംഭിക്കുവാനാകും.

LIBRARY ARCHIVES Kerala Legislative Assembly